**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4104** **03-03-2023 - ൽ മറുപടിയ്ക്ക്**

**അതി ദാരിദ്ര്യം തുടച്ചു നീക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. ലിന്റോ ജോസഫ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അതിദാരിദ്ര്യം തുടച്ചു നീക്കുമെന്ന പ്രഖ്യാപനത്തിന്റെ തുടർച്ചയായി അതിദരിദ്രരെ കണ്ടെത്തി പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | രാജ്യത്ത് ആദ്യമായി പരമ ദരിദ്ര കുടുംബങ്ങളെയെല്ലാം സർക്കാർ ചെലവിൽ സംരക്ഷിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിനായി ഹ്രസ്വകാലാടിസ്ഥാനത്തിലും ദീർഘകാലാടിസ്ഥാനത്തിലും എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താനുദ്ദേശിക്കുന്നത്; | (ബി) | അതിദരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ സംസ്ഥാനത്ത് കണ്ടെത്തിയ 64006 കുടുംബങ്ങളെ അതിദരിദ്ര അവസ്ഥയിൽ നിന്നും മോചിപ്പിക്കുന്നതിനുള്ള മൈക്രോ പ്ലാനുകൾ അതതു തദ്ദേശസ്ഥാപനതലത്തിൽ തയ്യാറാക്കി അതിദരിദ്ര്യർക്ക് ആവശ്യമായ സേവനങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>അതിദരിദ്ര കുടുംബങ്ങൾക്കുള്ള മൈക്രോപ്ലാനിൽ ഉടൻ നടപ്പാക്കാവുന്ന സർവ്വീസ് പദ്ധതികൾ, ഹ്രസ്വകാലത്തേയ്ക്ക് നടപ്പിലാക്കാവുന്ന പദ്ധതികൾ, ദീർഘകാല പദ്ധതികൾ എന്നിങ്ങനെ മൂന്നായി തരംതിരിച്ചാണ് സേവനങ്ങൾ ലഭ്യമാക്കുന്നത്. ഉടൻ നടപ്പിലാക്കുന്ന സേവനങ്ങളിൽ ഭക്ഷണം, ആരോഗ്യപരിശോധന, മരുന്നുകൾ, അവകാശരേഖകൾ ലഭ്യമാക്കൽ തുടങ്ങിയ സേവനങ്ങൾ ഉൾപ്പെടും. ഹ്രസ്വകാല പദ്ധതികളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ, പഠന സൗകര്യങ്ങൾ ഒരുക്കൽ, സ്ഥിരമായ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തൽ മുതലായവയും ദീർഘ കാല സമഗ്ര പദ്ധതികളിൽ മാനസിക ആരോഗ്യ ചികിത്സക്ക് ശേഷമുള്ള പുനരധിവാസം /അടിസ്ഥാന സൗകര്യങ്ങൾ ,ഉപജീവന പദ്ധതികൾ തുടങ്ങിയവ ലഭ്യമാക്കൽ , വീട്, കക്കൂസ്, വൈദ്യുതി, കുടിവെള്ളം മുതലായ ലഭ്യമാക്കൽ തുടങ്ങിയ സേവനങ്ങളും ഉൾപ്പെടുന്നുണ്ട്. |
| (സി) | ദീർഘകാലാടിസ്ഥാനത്തിൽ ഇത്തരം കുടുംബങ്ങളെ | (സി) | ദീർഘകാലാടിസ്ഥാനത്തിൽ ഇത്തരം |

| | | | |
|---|---|---|---|
| | സ്വയം പര്യാപ്തരാക്കുന്നതിന് മൈക്രോ പ്ലാനുകൾ തയ്യാറാക്കിയിട്ടുണ്ടോ? | | കുടുംബങ്ങൾക്കുള്ള സേവനങ്ങൾ നൽകുന്നതിനായുള്ള മൈക്രോ പ്ലാനുകൾ അതതു തദ്ദേശ സ്ഥാപന തലത്തിൽ തയ്യാറാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ